ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും പദ്ധതിരേഖകൾ തയ്യാറാക്കി. വിഹിതത്തിന്റെ നല്ലൊരു ശതമാനം തുക ആരോഗ്യ മേഖലയ്ക്കുവേണ്ടി ചെലവഴിക്കുകയും അതിന്റെ ഫലമായി അത്ത് സ്ഥാപനങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു.

**108 (734) ആരോഗ്യവകുപ്പിന് അനുവദിച്ച തുക**

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന് ഈ വർഷത്തെ ബഡ്ജറ്റിൽ കഴിഞ്ഞ വർഷം ആകെ അനുവദിച്ചതിനേക്കാൾ എത്ര തുക കൂടുതൽ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ദേശീയ, അന്തർദേശീയ സംഘടനകളാണ് സംസ്ഥാന ആരോഗ്യ വകുപ്പിനെ സഹായിച്ചുവരുന്നത്?

ഉത്തരം

(എ) ആരോഗ്യവകുപ്പിന് ഈ വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതികൾക്കായി കഴിഞ്ഞവർഷം അനുവദിച്ച തുകയേക്കാൾ രണ്ടുകോടി രൂപ കൂടുതൽ അനുവദിച്ചിട്ടുണ്ട്.

(ബി) അന്തർദേശീയ സംഘടനകളുടെ സഹായം നേരിട്ട് ആരോഗ്യ വകുപ്പിന് ലഭിക്കുന്നില്ല. എന്നാൽ പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം കൂടാതെ ലോക ബാങ്ക് മുതലായ അന്തർദേശീയ സംഘടനകൾ കേന്ദ്രഗവൺമെന്റിനു നൽകുന്ന തുകയിൽനിന്നും ഒരു വിഹിതം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ സംസ്ഥാനത്തിനു ലഭിക്കുന്നുണ്ട്.

**109 (735) രോഗപ്രതിരോധത്തിന് കേന്ദ്ര സഹായം**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആരോഗ്യവകുപ്പിന് രോഗ പ്രതിരോധത്തിനും രോഗ നിർമ്മാർജ്ജനത്തിനുമായി എന്തെങ്കിലും സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം രോഗങ്ങൾക്കാണ് ലഭിക്കുന്നത്;

(ബി) ഈ ഇനത്തിൽ 1996-97 മുതൽ 1998-99 മാർച്ച് 31 വരെ ഓരോ ഇനത്തിലും എന്ത് തുക ലഭിച്ചു എന്നു വ്യക്തമാക്കുമോ;

(സി) ഓരോ ഇനത്തിലും എന്ത് തുകവീതം ഈ കാലഘട്ടത്തിൽ ഓരോ വർഷവും ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിക്കുന്നുണ്ട്. പോളിയോ, മീസിൽസ്, ബി.സി.ജി, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ് എന്നീ രോഗപ്രതിരോധത്തിനും പോളിയോ രോഗ നിർമ്മാർജ്ജനത്തിനും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

(ബി) ലഭിച്ച തുക



LIBRARY ARCHIVES Kerala Legislative Assembly

1996-97 - 83,00,000 കാഷ്

5,54,54,000 കൈന്റ്

1997-98 - 69,00,000 കാഷ്

3,86,77,000 കൈന്റ്

1998-99 - പ്രജനന ശിശു ആരോഗ്യപദ്ധതിയിൽപ്പെടുത്തിയാണ് സഹായം അനുവദിച്ചത്.

1,62,34,400 കാഷ്

8,49,03,000 കൈന്റ്

(സി) ചെലവ്

1996-97 - 75,54,478 കാഷ്

5,54,54,000 കൈന്റ്

1997-98 - 82,49,799 കാഷ്

3,86,77,000 കൈന്റ്

1998-99 - 1,28,84,81 കാഷ്

8,49,03,000 കൈന്റ്

**110 (736) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തുടങ്ങുന്നതിനുള്ള നടപടി**

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സെന്ററുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(സി) പുതുതായി തുടങ്ങുന്ന കമ്മ്യൂണിറ്റി സെന്ററുകളിൽ ചടയമംഗലം മണ്ഡലത്തിലുള്ള ആശുപത്രികൾ ഏതെങ്കിലും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) നടപ്പ് സാമ്പത്തിക വർഷം 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് ഇപ്പോൾ തീരുമാനമൊന്നും ആയിട്ടില്ല.

**111 (737) കുഷ്ഠരോഗികളുടെ പുനരധിവാസം**

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുഷ്ഠരോഗികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly